DESPATCHED
On. 22/12/21

19/11/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1936(4)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.12449/എസ്.ഐ.സി-ജി 2/2020)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജേക്കബ് മാത്യു — അപ്പീൽ ഹർജിക്കാരൻ
വടക്കേൽ വീട്,
വടകോട് പി.ഒ,
കങ്ങരപ്പടി- 682 021,
ഈസ്റ്റ് എൻഡ് കൊച്ചി.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   വില്ലേജ് ഓഫീസർ,
   തൃക്കാക്കര നോർത്ത്,
   എറണാകുളം.

2. അപ്പീൽ അധികാരി &
   തഹസീൽദാർ (ഭൂരേഖ),
   താലൂക്കാഫീസ്, കണയന്നൂർ.

എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷകൾ നല്കുന്നതുമായി ബന്ധപ്പെട്ട ചില സംശയങ്ങൾക്ക് മറുപടി തേടി 21.07.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നു ചൂണ്ടിക്കാട്ടിയാണ് ടിയാൻ 06.11.2020 ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 17.11.2021 ൽ എറണാകുളം ടൗൺ ഹാളിൽ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. അപേക്ഷ നൽകിയപ്പോൾ ഒന്നാം എതിർകക്ഷിയായ വില്ലേജ് ഓഫീസർ സ്ഥലത്ത് ഇല്ലായിരുന്നു എന്നു പറഞ്ഞ് ഓഫീസിലെ മറ്റു ഉദ്യോഗസ്ഥർ അത് സ്വീകരിക്കാൻ തയ്യാറായില്ലെന്നും, അപേക്ഷയ്ക്ക് കൈപ്പറ്റു രസീത് നൽകിയില്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. വില്ലേജ് ഓഫീസർ സ്ഥലത്ത് ഇല്ലാതിരുന്നിട്ടും ഉണ്ട് എന്നാണ് മറുപടി നൽകിയതെന്നും ടിയാൻ പറഞ്ഞു.

4. നിലവിലെ ഒന്നാം എതിർകക്ഷിയായ എസ്.പി.ഐ.ഒ യ്ക്ക് ഇക്കാര്യത്തിൽ കൂടുതലൊന്നും ഒന്നും കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കാനുമുണ്ടായിരുന്നില്ല.

5. അപ്പീൽ ഹർജിക്കാരന്റെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായ ശ്രീമതി. ഉമ എം. മേനോൻ നിയമപരമായല്ല വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്തതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കൈപ്പറ്റു രസീത് കൊടുക്കാത്തതും, തെറ്റായ വിവരങ്ങൾ നൽകുന്നതും വിവരാവകാശ നിയമപ്രകാരം നടപടി ആവശ്യപ്പെടുന്ന കാര്യമാണ്. ആയതുകൊണ്ട്, ഈ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ നിലവിലെ ഒന്നാം എതിർകക്ഷിയായ എസ്.പി.ഐ.ഒ കൃത്യമായ മറുപടി പൂർണ്ണമായും സൗജന്യമായി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതാണ്. അതോടൊപ്പം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യായ ശ്രീമതി. ഉമ.എം. മേനോൻ നിയമപരമല്ലാതെ അപേക്ഷ കൈകാര്യം ചെയ്തതിനു നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ സ്ഥലം മാറി പോവുകയോ സർവ്വീസിൽ നിന്ന് വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ടിയാളിൽ നിന്ന്

വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല നിലവിലെ എസ്.പി.ഐ.ഒ യ്ക്കായിരിക്കും.

6. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 19.11.2021 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re